പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം.

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം.T.2948.

28.1.2014 -ൽ
മറുപടിയ്ക്ക്

മുന്നോക്ക വിദ്യാർത്ഥികളുടെ ഉപരിപഠനത്തിന് സ്കോളർഷിപ്പ് പദ്ധതി.

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ.റ്റി.എൻ.പ്രതാപൻ.<br>ശ്രീ.വി.റ്റി.ബൽറാം.<br>ശ്രീ.പാലോട് രവി.<br>ശ്രീ.പി.സി.വിഷ്ണുനാഥ്. | | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | മുന്നോക്ക വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉപരിപഠനത്തിന് സ്കോളർഷിപ്പുകൾ നൽകാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ഉണ്ട്. സംസ്ഥാനത്തിലെ മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ ഉപരിപഠനത്തിനായി സ്കോളർഷിപ്പുകൾ നൽകുന്ന ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത സ്കോളർഷിപ്പുകൾക്കായി അപേക്ഷിക്കുന്നവരുടെ വാർഷിക കുടുംബ വരുമാനം ആദായനികുതി പരിധിയ്ക്ക് താഴെയായിരിക്കണം. |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് ഏതെല്ലാം പദ്ധതികളാണ് രൂപീകരിച്ചിട്ടുള്ളത് ; വിശദമാക്കാമോ ; | (ബി) | പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന സ്കോളർഷിപ്പുകളാണ് നൽകുവാൻ ഉദ്ദേശിക്കുന്നത്.<br>1. <u>ബിരുദതല കോഴ്സുകൾ-</u><br>ഈ പദ്ധതി പ്രകാരം പ്രൊഫഷണൽ /നോൺ പ്രൊഫഷണൽ കോളേജുകളിൽ ബിരുദ കോഴ്സുകൾ ചെയ്യുന്ന തിരഞ്ഞെടുക്കപ്പെട്ട 1400 വിദ്യാർത്ഥികൾക്ക് പ്രതിവർഷം പരമാവധി 10000 രൂപയാണ് സ്കോളർഷിപ്പായി നൽകുന്നത്.<br>2. <u>ബിരുദാനന്തര ബിരുദതല കോഴ്സുകൾ-</u><br>പ്രൊഫഷണൽ /നോൺ പ്രൊഫഷണൽ കോളേജുകളിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ ചെയ്യുന്ന തിരഞ്ഞെടുക്കപ്പെടുന്ന 700 വിദ്യാർത്ഥികൾക്ക് പരമാവധി 20000 രൂപ നൽകുന്നു.<br>3. <u>ദേശീയ നിലവാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ</u> |

| | | | |
|---|---|---|---|
| | | | ബിരുദാനന്തര ബിരുദതല കോഴ്സുകൾ - IIT ,IIM, IIS, NIT,NLS തുടങ്ങി ദേശീയ നിലവാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന തിരഞ്ഞെടുക്കപ്പെട്ട 40 വിദ്യാർത്ഥികൾക്ക് പ്രതിവർഷം 50000 രൂപ സ്കോളർഷിപ്പായി നൽകുന്നു. |
| (സി) | പ്രസ്തുത പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ; | (സി) | ഉണ്ട്. 21.8.2013-ലെ സർക്കാർ ഉത്തരവ് (സാധാ) നം.6829/13 /പൊ.ഭ.വ. പ്രകാരം ഈ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | എന്തെല്ലാം ആനുകൂല്യങ്ങളാണ് പദ്ധതി വഴി വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതെന്ന് വിശദമാക്കാമോ ? | (ഡി) | പ്രസ്തുത പദ്ധതിയിലൂടെ പ്രൊഫഷണൽ /നോൺ പ്രൊഫഷണൽ കോളേജുകളിൽ ബിരുദ ബിരുദാനന്തര കോഴ്സുകൾക്ക് പഠിക്കുന്ന തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് ഇനത്തിൽ തുക അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ